

# കുടംപുളി
## *(Garcinia gummi gutta)*

കുടംപുളിക്ക് മലബാർ റ്റാമറിൻഡ്, ബ്രിൻഡിൽ ബെറി എന്നൊക്കെയാണ് ഇംഗ്ലീഷിലെ വിളിപ്പേര്. ഇതിന്റെ പുറന്തോട് അങ്ങനെ തന്നെയും, പഴത്തിന്റെ സത്തും ദീർഘകാലമായി ഏഷ്യയിലെ വിവിധ ഭക്ഷ്യവിഭവങ്ങൾക്ക് സ്വാദു പകരാനും ഭക്ഷണ സംരക്ഷണത്തിനായും ഉപയോഗിച്ചു വരുന്നു. Clusiaceae എന്ന സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന പുഷ്പിക്കുന്ന മരങ്ങളുടെ വിഭാഗത്തിലാണ് ഗാർസീനിയയും ഉൾപ്പെടുന്നത്.

**ഉത്ഭവം** : തെക്കു കിഴക്കൻ ഏഷ്യ

**എത്തിച്ചേർന്ന രാജ്യങ്ങൾ** : ദക്ഷിണാഫ്രിക്ക, പോളിനേഷ്യ, ഏഷ്യൻ രാജ്യങ്ങൾ

## വിവരണം



### മരം
ആയുർദൈർഘ്യം വളരെ കൂടിയ മരം, ഇലത്തഴപ്പിന്റെ രൂപം ഗോളാകൃതിയിലാണ്, അശേഷം രോമാവരണമില്ലാത്ത ഇലകൾക്ക് ദീർഘവൃത്താകൃതി.



### പൂക്കൾ
ഒരേ മരത്തിൽ തന്നെ ദ്വിലിംഗ പുഷ്പങ്ങളുണ്ടായിരിക്കും, ഇലകളുടെ കക്ഷ്യഭാഗത്തു നിന്നോ ശാഖാഗ്രങ്ങളിൽ നിന്നോ പൂക്കൾ വിരിയുന്നു, ദളങ്ങൾക്ക് പിങ്ക് നിറവും വിദളങ്ങൾക്ക് ക്രീം നിറവുമായിരിക്കും.



### പഴം
അകമേ ഒന്നിലധികം വിത്തുകളോടെയുള്ള പഴം, ഗോളാകൃതി, 6–8 ഖണ്ഡങ്ങളായി തിരിഞ്ഞിരിക്കുന്നു, അഞ്ചു സെന്റിമീറ്റർ വ്യാസം.

## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്തോ ചാലുകളിലോ കൃഷി ചെയ്യാം. ചെരിവു ഭൂമിയിൽ തട്ടുകളെടുത്ത് കൃഷി

**കുഴിയുടെ അളവ്** : രണ്ട് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ സ്വഭാവം** : ഭാഗികമായി പന്തലിച്ചത്

**ഇലത്തഴപ്പിന്റെ ഉയരം** : 15 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ജൂൺ-ജൂലൈ

**അനുയോജ്യ നടീൽ പ്രദേശം** : നിരപ്പായ പ്രദേശങ്ങൾ, താഴ്‌വാര മേഖലകൾ, നേരിയ ചെരിവോടു കൂടിയ മലയോര മേഖലകൾ




## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ





- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : പൂർണ സൂര്യ പ്രകാശം
- **ജലസേചനം** : ഇളം പ്രായത്തിലും വളർച്ചയുടെ ആദ്യ വർഷങ്ങളിലും നന ആവശ്യമാണ്.
- **മണ്ണിന്റെ സ്വഭാവം** : പൊതുവേ ഏതു തരം മണ്ണിലും വളരും
- **താപനില** : 25-38 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 60-80%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **മഴ** : 1500-2500 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും പത്ത് അടി
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം
- **മൂല്യവർധനയുടെ സാധ്യതകൾ** : ഔഷധ നിർമാണം, ഭക്ഷ്യാവശ്യത്തിനായി ഉണക്കി ഉപയോഗം

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 80 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 3 കി. ഗ്രാം | 5 കി. ഗ്രാം | 8 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 200 ഗ്രാം | 250 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 5 ലിറ്റർ |
| രണ്ടാം വർഷം | 10 ലിറ്റർ |
| മൂന്നാം വർഷം | 12 ലിറ്റർ |



Document Prepared by

Research and Development department
Homegrown Biotech
Ph: +91 9562066333